# Desabhimani

# 31 August 2018

# Kalamassery, Turuth Colony, Flood Relief, Nodel ITI



## തുരുത്ത് കോളനിയിൽ വെള്ളവും വെളിച്ചവുമെത്തിച്ച് ഐടിഐക്കാർ

**കളമശേരി**

നോഡൽ ഐടിഐയിൽനിന്ന് ഇലക്ട്രിക്കൽ വിഭാഗം ഇൻസ്ട്രക്ടർ എൻ ആർ ത്രിനയനന്റെയും കാർപെൻട്രിയിൽ കെ വി സുനിലിന്റെയും പ്ലംബിങ്ങിൽ എ വൈ മത്തായിയുടെയും നേതൃത്വത്തിലുള്ള സംഘമാണ് ജില്ലയിൽ വിവിധ സേവനങ്ങൾ ചെയ്തു നൽകുന്നത്. മരട്, വേങ്ങൂർ ഗവൺമെന്റ് ഐടിഐകൾ, മൂക്കന്നൂർ ബാലനഗർ ഐടിസി, കളമശേരി ലിറ്റിൽ ഫ്ളവർ ഐടിഐ എന്നിവിടങ്ങളിൽനിന്നുള്ള ട്രെയ്നികളാണ് സംഘത്തിൽ. പഠിച്ചുപോയവരും അവസാന വർഷ വിദ്യാർഥികളുമാണ് കൂടുതലും. ഇതിനകം പറവൂർ, ചേന്ദമംഗലം, കീഴ്മാട് എന്നിവിടങ്ങളിൽ ഇവർ ജോലികൾ ചെയ്തുനൽകി. തിങ്കളാഴ്ചയോടെ വീടുകളിൽ പോയുള്ള സേവനം അവസാനിപ്പിച്ച്, ഉപകരണങ്ങൾ കലക്ഷൻ സെന്ററുകളിൽ ശേഖരിച്ച് നന്നാക്കിക്കൊടുക്കാനാണ് ആലോചിക്കുന്നത്.

മഞ്ഞുമ്മൽ ശേരിയിലെ തുരുത്ത് കോളനിയിൽ വ്യാഴാഴ്ച 47 വീടുകളാണ് ഇവർ അറ്റകുറ്റപ്പണി ചെയ്തത്. ഇതിൽ 25 വീടുകളും പട്ടികജാതി കുടുംബങ്ങളുടേതാണ്. അധികം പേരും നെടുമ്പാശേരി എയർപോർട്ടിനും ശബരിപാതയ്ക്കും വേണ്ടി സ്ഥലം വിട്ടുകൊടുക്കേണ്ടി വന്നവർ.

കോളനിയിലെ മിക്ക വീടുകളും തറനിരപ്പിൽ തന്നെ കെട്ടിപ്പൊക്കിയവയായതിനാൽ മഴക്കാലത്ത് മുഴുവൻ വെള്ളക്കെട്ടിലാണ്. അടിത്തറയ്ക്ക് ബലക്ഷയമുള്ളവയാണ് പകുതിയോളം വീടുകളും.